Email : Keralarcs@coop.kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)27371/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 25/09/2012

# സർക്കുലർ നമ്പർ: 40/2012

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 37/2012 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് സൂചന പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, വിവിധ വാണിജ്യ ബാങ്കുകളും, പൊതുമേഖലാ ബാങ്കുകളും, ധനകാര്യ സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശ നിരക്കുകളും സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും ചില കാലയളവിലേയ്ക്ക് സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പരമാവധി പലിശ നിരക്കുകളും തമ്മിൽ കാര്യമായ അന്തരം ഉ ന്നും, ആയതിന്റെ അടിസ്ഥാനത്തിൽ പലിശനിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന് സഹകാരികളിൽ നിന്ന് ആവശ്യം ഉയരുകയും അതിനെ തുടർന്ന് പലിശ നിർണ്ണയ കമ്മറ്റി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്കുകൾ ശതമാന കണക്കിൽ ചുവടെ ചേർക്കുംപ്രകാരം പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 7.00 | 7.00 | 7.25 | 7.25 | 7.50 | 7.50 |
| 2 | 45 ദിവസം മുതൽ 90 ദിവസം വരെ | 7.50 | 7.50 | 7.75 | 7.75 | 8.00 | 8.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7.75 | 7.75 | 8.00 | 8.00 | 8.25 | 8.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.00 | 8.00 | 8.25 | 8.50 | 8.50 | 8.75 |
| 5 | 1 വർഷവും അതിന് മുകളിലും | 8.50 | 8.50 | 8.75 | 9.00 | 9.00 | 9.50 |

മേൽ നിരക്കുകൾക്കുപുറമേ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് ½ % നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സർവ്വീസ് സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ നൽകേണ്ടതാണ്.

സൂചന സർക്കുലറിൽ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചു നൽകിയിരുന്ന പലിശനിരക്ക് മാറ്റമില്ലാതെ തുടരുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ല. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്,
വി. സനൽ കുമാർ
**സഹകരണസംഘം രജിസ്ട്രാർ**